"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഷൊർണ്ണൂർ കെ.വി.ആർ. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ശ്രീ. കൃഷ്ണകുമാർ എം.ആർ. ന് കലാ സാംസ്കാരിക ദൃശ്യമാധ്യമ പരിപാടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3842/2022/GEDN തീയതി,തിരുവനന്തപുരം, 30-06-2022

---

പരാമർശം:- 1. ശ്രീ. കൃഷ്ണകുമാർ എം.ആർ. ന്റെ 08.11.2021 ലെ കത്ത്

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14.02.2022 ലെ ഓ&എം2/1309/2022/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

ഷൊർണ്ണൂർ കെ.വി.ആർ. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ശ്രീ. കൃഷ്ണകുമാർ എം.ആർ. ന് കലാ സാംസ്കാരിക ദൃശ്യമാധ്യമ പരിപാടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ തുടർനടപടികൾക്കായി ലഭ്യമാക്കിയിരുന്നു. കഥകളി, കൂടിയാട്ടം, മുടിയേറ്റ് എന്നീ കലകളിലും നിരവധി വർഷങ്ങളായി യൂണിവേഴ്സിറ്റി-സ്കൂൾ യുവജനോൽസവങ്ങളിലും, സിനിമ/സീരിയൽ/നാടകം/വെബ് സീരീസ്/ആംഗറിങ് തുടങ്ങി വിവിധ കലാ മേഖലകളിൽ അരങ്ങിലും അണിയറയിലുമായി പ്രവർത്തിച്ചു വരുന്ന ടിയാന് അക്കാദമിക് പ്രവർത്തനങ്ങളും, പ്രാഥമിക കർത്തവ്യമായ അധ്യാപനവും തടസ്സപ്പെടാത്തവിധം യാതൊരു വിധ പ്രതിഫലവും വാങ്ങാതെ "സേവനം" എന്ന രീതിയിൽ തുടർന്നും ഇത്തരം സർഗ്ഗാത്മക പരിപാടികളിൽ/പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹം ഉള്ളതിനാൽ, കലാ സാംസ്കാരിക ദൃശ്യമാധ്യമ പരിപാടികളിൽ പങ്കെടുക്കാൻ അനുമതി നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഷൊർണ്ണൂർ കെ . വി . ആർ . ഹൈസ്കൂളിലെ എച്ച് . എസ് . റ്റി( ഇംഗ്ലീഷ് ) ആയ ശ്രീ . കൃഷ്ണകുമാർ എം . ആർ . ന്, ടിയാൻ അനുഷ്ഠാന കലകൾ ഉൾപ്പെടെ വിവിധ കലാമേഖലകളിൽ പ്രവർത്തിച്ചിരുന്നു എന്നത് കണക്കിലെടുത്ത് അക്കാദമിക് പ്രവർത്തനങ്ങളും അധ്യാപനവും തടസ്സപ്പെടാത്ത വിധം യാതൊരു പ്രതിഫലവും വാങ്ങാതെ സേവനം എന്ന രീതിയിൽ കലാ സാംസ്കാരിക ദൃശ്യ മാധ്യമപരിപാടികളിൽ പങ്കെടുക്കാൻ കെ . ഇ . ആർ . അധ്യായം XIV(C) ചട്ടം 28 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.3842/2022/GEDN

മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.കൃഷ്ണകുമാർ എം.ആർ., എച്ച്.എസ്.ടി. (ഇംഗ്ലീഷ്), കെ.വി.ആർ. ഹൈസ്കൂൾ, ഷൊർണ്ണൂർ, പാലക്കാട്
പ്രധാനാധ്യാപകൻ, കെ.വി.ആർ. ഹൈസ്കൂൾ, ഷൊർണ്ണൂർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 01-07-2022 10:30:26**
സെക്ഷൻ ഓഫീസർ